**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കുടുംബശ്രീ - കണ്ടം ചെയ്ത വാഹനങ്ങൾ സ്ക്രാപ്പ് വിലയ്ക്ക് വില്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(എം.എസ്) നം. 230/2015/തസ്വഭവ. തിരുവനന്തപുരം, തീയതി 08/07/2015.

---

പരാമർശം:-(1) 09.12.2009 ലെ സ.ഉ.(സാധാ) നമ്പർ 3266/2009 തസ്വഭവ നമ്പർ ഉത്തരവ്.

(2) 15.01.2010 ലെ സ.ഉ. (സാധാ) നമ്പർ 146/2010/തസ്വഭവ നമ്പർ ഉത്തരവ്.

(3) 20.08.2011 ലെ സ.ഉ.(സാധാ) നമ്പർ 1970/2011/തസ്വഭവ നമ്പർ ഉത്തരവ്.

(4) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.04.2015 ലെ കെ.എസ്-സി/236/2006 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1), (2) സർക്കാർ ഉത്തരവുകൾ പ്രകാരം കുടുംബശ്രീ സംസ്ഥാന മിഷനിൽ ഉപയോഗിച്ചുവന്നിരുന്ന KL-01-R 6573, KL-01- R 7696 എന്നീ രജിസ്ട്രേഷൻ നമ്പരിലുള്ള രണ്ട് അംബാസിഡർ കാറുകൾ കണ്ടം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. സർക്കാർ നിശ്ചയിച്ച വിലയ്ക്ക് ലേലം കൊള്ളാൻ ആരും തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ടി വാഹനങ്ങൾ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് പരിശീലന ആവശ്യങ്ങൾക്ക് സൗജന്യമായി വിട്ടുനൽകുന്നതിന് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. ടി വാഹനങ്ങൾ ഉപയോഗയോഗ്യമാക്കാൻ 4 ലക്ഷത്തിലധികം രൂപ ചെലവ് വരുമെന്ന് ചാക്ക ഐ.ടി.ഐ യിലെ ഇൻസ്ട്രക്ടർമാർ ട്രെയിനിംഗ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും, നാളിതുവരെ വാഹനങ്ങൾ എറ്റെടുത്ത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ വ്യാവസായിക പരിശീലന വകുപ്പ് സ്വീകരിച്ചിട്ടില്ലാത്തതിനാലും, കാസർഗോഡ് വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള KL-14-7349 എന്ന വാഹനമുൾപ്പെടെ വഴുതക്കാട് മുനിസിപ്പൽ ഹൗസ് കോമ്പൗണ്ടിൽ നശിച്ച് കിടക്കുന്നതിനാൽ മുനിസിപ്പൽ ഹൗസ് കോമ്പൗണ്ടിൽ അനുവദിച്ചുകിട്ടിയ ടാറിംഗ് പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നില്ല എന്ന് മുനിസിപ്പൽ ഹൗസ് അധികാരികൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ വാഹനങ്ങൾ സ്ക്രാപ്പ് വിലയ്ക്ക് വിൽക്കാൻ അനുമതി നൽകണമെന്നും പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ സംസ്ഥാന മിഷനിൽ ഉപയോഗിച്ചുവന്നിരുന്ന KL-01-R 6573, KL-01- R-7696 എന്നീ രജിസ്ട്രേഷൻ നമ്പരിലുള്ള വാഹനങ്ങളും കാസർഗോഡ് വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള KL-14-7349 എന്ന വാഹനവും തീർത്തും ഉപയോഗശൂന്യമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാലും വഴുതയ്ക്കാട് മുനിസിപ്പൽ കോമ്പൗണ്ട് ടാറിംഗ് വർക്ക്

നടത്തുന്നതിലേക്കായി ഉപയോഗശൂന്യമായ വാഹനങ്ങൾ മാറ്റിക്കൊടുക്കുന്നതിനുമായി ടി വാഹനങ്ങൾ സ്ക്രാപ്പ് വിലയ്ക്ക് വിൽക്കാൻ കുടുംബശ്രീയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ.വിശ്രുതൻ ആചാരി
അണ്ടർ സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ചെയർമാൻ/സെക്രട്ടറി - കാസർഗോഡ് വികസന അതോറിറ്റി.
ട്രയിനിംഗ് ഡയറക്ടർ, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്, തൈക്കാട് (പി.ഒ), തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.